"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് - കിഫ്ബി മുഖേന നടപ്പിലാക്കുന്ന കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം- 2- ലെ പാക്കേജ്- I ന്റെ പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നത്- അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ- ബി) വകുപ്പ്**

സ.ഉ.(കൈ) നം.34/2024/WRD തീയതി,തിരുവനന്തപുരം, 01-06-2024

---

പരാമർശം:-

1. സ.ഉ (സാധാ) നം. 406/2018/ജ.വി.വ തീയതി 04.06.2018.
2. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 25.06.2019 തീയതിയിലെ WRD025-29/APR-6/2019/KIIFB നമ്പർ നടപടിക്രമം.
3. സ.ഉ (സാധാ) നം. 421/2023/ജ.വി.വ തീയതി 02.05.2023.
4. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 25.09.2023 തീയതയിലെ KWA-JB/3173/2023- AE9 നമ്പർ കത്ത്.
5. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23.11.2023 തീയതിയിലെ WRD025-29/APR-5/2023/KIIFB നമ്പർ നടപടിക്രമം.
6. സ.ഉ (പി) നം. 16/2017/ധന തീയതി 06.02.2017.

**ഉത്തരവ്**

കുട്ടനാട് താലൂക്കിൽപെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയായുടെ ഘട്ടം- 2- ന്റെ പ്രവൃത്തിയ്ക്ക് പരാമർശം (1)- ലെ സർക്കാർ ഉത്തരവ് പ്രകാരം 241 കോടി രൂപയുടെ ഭരണാനുമതിയും, കിഫ്ബി സ്കീമിൽ ഉൾപ്പെടുത്തി പരാർശം (2) പ്രകാരം 289.54 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ PRICE 3.0 പ്രകാരം പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് GST കൂടിയതിനാലും DSoR 2018 Rate revision വന്നതിനാലും LSGD റോഡ് റിസ്റ്റൊറേഷൻ ഉൾപ്പെടുത്തിയതിനാലും ടി പദ്ധതി തുക ₹ 387.91 കോടിയായി വർദ്ധിച്ചതിനാൽ, അധിക തുകയായ 98.371 കോടി രൂപ കൂടി ഉൾപ്പെടുത്തി 387.91 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി പരാർശം (3) പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് അനുവദിച്ച വിഹിതം 385.01 കോടി രൂപയായി വർദ്ധിപ്പിച്ച് ഫണ്ടിംഗ് പരിഷ്കരിക്കുന്നതിന് പരാർശം (5) പ്രകാരം കിഫ്ബി ഉത്തരവായിട്ടുണ്ട്. പുതുക്കിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി പ്രവൃത്തികൾ 9 പാക്കേജുകളായി നടപ്പിലാക്കുന്നതിന് പുന:ക്രമീകരണം ചെയ്യുകയുണ്ടായി.

2. തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് ഇൻടേക്ക് സ്ട്രക്ചർ കം പമ്പ് ഹൗസ് സ്ഥാപിക്കൽ, റോ വാട്ടർ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, 30 MLD ജലശുദ്ധീകരണ ശാല സ്ഥാപിക്കൽ, അനുബന്ധ ജോലികൾ എന്നിവയാണ് കുട്ടനാട് സമഗ്ര

കുടിവെള്ള പദ്ധതി ഘട്ടം- 2- ലെ പാക്കേജ് - I - ൽ ഉൾപ്പെടുന്നത്. പ്രസ്തുത പാക്കേജിനായി 42.08 കോടി രൂപയുടെ സാങ്കേതികാനുമതി 14.03.2023-ൽ കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്.

3. പ്രസ്തുത പാക്കേജിലെ പ്രവൃത്തിയ്ക്കായി ആദ്യം ക്ഷണിച്ച രണ്ടു ടെണ്ടറുകളും ഒരു ദർഘാസും ലഭിക്കാത്ത സാഹചര്യത്തിലും, NIT യിലെ Error കാരണവും റദ്ദാക്കേണ്ടി വന്നുവെന്നും, രണ്ടാം പുന:ദർഘാസിൽ M/s. Chicago Constructions International Pvt. Ltd സമർപ്പിച്ച ഏക ദർഘാസ് മാത്രമാണ് ലഭിച്ചതെന്നും, പ്രസ്തുത കരാറുകാരൻ ഉദ്ധരിച്ച തുകയായ ₹ 47,42,31,074.51/- , ദർഘാസ് തുകയേക്കാൾ 33% കൂടുതലായിരുന്നതായും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ പരാർശം (4) പ്രകാരം റിപ്പോർട്ടു ചെയ്തു. കേരള വാട്ടർ അതോറിറ്റി കരാറുകാരനുമായി negotiation നടത്തിയതിനെ തുടർന്ന് ദർഘാസ് തുകയേക്കാൾ 31.98% അധികമായ 47,06,35,285/- രൂപയ്ക്ക് പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരൻ സമ്മതിക്കുകയുണ്ടായി.

4. പരാമർശം (6) ലെ സർക്കാർ ഉത്തരവ് പ്രകാരം DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക, ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. ഇതിൽ കുറഞ്ഞ തുകയായ DSoR + 10% ആയ 39,22,32,681/- രൂപയ്ക്കു മാത്രമേ പ്രസ്തുത ദർഘാസ് അനുവദിക്കാനാകുകയുള്ളൂ. എന്നാൽ കരാറുകാരൻ negotiate ചെയ്ത തുക പ്രാദേശിക വിപണി നിരക്കുമായും, നിലവിലെ DSoR + 10% തുകയുമായും താരതമ്യം ചെയ്യുമ്പോൾ കൂടുതലാണ്.

5. ആവർത്തിച്ചുള്ള ഇ-ടെൻഡറുകൾക്ക് ശേഷവും നിലവിലെ നിയമങ്ങൾ അനുവർത്തിക്കുന്ന പ്രകാരമുള്ള ഓഫറുകൾ ലഭിക്കുന്നില്ല എന്നും, കുട്ടനാടൻ മേഖലകളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണെന്നും. വളരെ വർഷങ്ങൾക്ക് മുമ്പ് കമ്മീഷൻ ചെയ്ത നിലവിലുള്ള പഴയ പദ്ധതികളിൽ നിന്നുള്ള പരിമിതമായ ജലലഭ്യത കാരണം ജലവിതരണം അപര്യാപ്തവും ഇടവിട്ടുള്ളതുമാണെന്നും കുട്ടനാട് പ്രദേശത്തിന്റെ ഇന്നത്തെയും ഭാവിയിലെയും ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ ഭാഗികമായ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന നിലവിലുള്ള പദ്ധതികൾക്ക് കഴിയില്ല എന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനെ അറിയിക്കുകയുണ്ടായി. ജൽ ജീവൻ മിഷനു കീഴിൽ, സർവ്വീസ് കണക്ഷനുകളും 41081 ഫംഗ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകളും (FHTCs) നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനകം ക്രമീകരിച്ചിട്ടുണ്ടെന്നും, ഈ പ്രവൃത്തിയ്ക്കു കീഴിലുള്ള ഉൽപ്പാദന ഘടകങ്ങൾ നിർമ്മിക്കുകയും കമ്മീഷൻ ചെയ്യുകയും ചെയ്തില്ലെങ്കിൽ, 2 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ചെയ്യേണ്ട FHTC കൾ പ്രവർത്തനക്ഷമമാക്കാൻ കഴിയില്ലെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അനവധി പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ഏകദേശം ഒരു വർഷം മുമ്പ് ഭരണാനുമതി കൊടുത്ത ഈ പ്രവൃത്തിക്ക് ദർഘാസ് അന്തിമം ആയില്ല. കുട്ടനാട്ടിലെ കുടിവെള്ള ലഭ്യതയ്ക്കായി തയ്യാറാക്കിയ സമഗ്ര പ്രവൃത്തിയുടെ ഭാഗമാണ് ഈ പ്രവൃത്തി. ഇതു പൂർത്തിയാക്കിയില്ലെങ്കിൽ മറ്റ് പഞ്ചായത്തുകളിലേക്ക് കുടിവെള്ളം നൽകാനും കഴിയില്ല. കരാറുകാരൻ ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റിനേക്കാൾ 3 1 ശതമാനം കൂടുതലാണെങ്കിലും മാർക്കറ്റ് റേറ്റിനേക്കാൾ 1 4 ശതമാനമാണ് ഉയർന്നിട്ടുള്ളത്. മാത്രമല്ല 07/08/2023-ൽ തുറന്ന ഈ ദർഘാസിന്റെ firm period ഇനിയും അധികം നീട്ടികിട്ടാൻ

സാധ്യത കാണുന്നില്ല.

7. മേൽ സാഹചര്യത്തിൽ കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം- 2- ലെ പാക്കേജ്- I ന്റെ പ്രവൃത്തിയ്ക്ക് ലഭിച്ച single bidder ആയ M/s Chicago Constructions International (P) Ltd ക്വോട്ട് ചെയ്ത ദർഘാസ് Tendered PAC യേക്കാൾ 31.98% ഉം, നിലവിലെ SoR (2018) + 10% തുകയേക്കാൾ 19.98% ഉം, പ്രാദേശിക വിപണി നിരക്കിനേക്കാൾ (LMR) 13.74 % ഉം അധികരിച്ച തുകയായ ₹ 47,06,35,285/- രൂപയ്ക്ക് അംഗീകരിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. പൊതു ഭരണ (എസ്.സി) വകുപ്പ് (20.03.2024 ലെ ഇനം നം. 2135 പ്രകാരം)
4. ധനകാര്യ വകുപ്പ് (29.01.2024 ലെ ഫയൽ നം. Infra2/02/2024/fin പ്രകാരം)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Khadeeja Alungal
Date: 01-06-2024 15:21:19
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. ജലവിഭവ വകുപ്പ മന്ത്രിയുടെ പി.എസ്- ന്
ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ- യ്ക്ക്.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 20-03-2024**

ഫയൽ നം. ബി1/120/2021/ജവിവ. ഇനം നം: 2135

വിഷയം : ജലവിഭവ വകുപ്പ് - കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം-2-ലെ പാക്കേജ്-1-ന്റെ പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നത്.

തീരുമാനം : കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ അനുമതിയ്ക്ക് വിധേയമായി കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ്.

2135

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ബി1/120/2021-ജ.വി.വ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം- 2- ലെ പാക്കേജ്-I ന്റെ പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 12/03/2024 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊളളിച്ചിട്ടുണ്ടോ? | : | ഉണ്ട്. അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ.സുകുമാരൻ നായർ ജി |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.അശോക് കുമാർ സിംഗ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14/03/2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വേണു വി |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.03.2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.റോഷി അഗസ്റ്റിൻ. |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 15/03/2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 15/03/2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം- 2- ലെ പാക്കേജ്- I ന്റെ പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. കുട്ടനാട് താലൂക്കിൽപെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്ക് വേണ്ടി കിഫ്ബി ധനസഹായത്തോടു കൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയാണിത്. കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം-2- ന് 04/06/2018 തീയതിയിലെ സ.ഉ (സാധാ) നം. 406/2018/ജ.വി.വ ഉത്തരവ് പ്രകാരം 241 കോടി രൂപയുടെ ഭരണാനുമതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകുകയും, 25.06.2019 തീയതിയിലെ WRD025-29/APR-6/2019/KIIFB ഉത്തരവ് പ്രകാരം കിഫ്ബി സ്കീമിൽ ഉൾപ്പെടുത്തി 289.54 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3. PRICE 3.0 പ്രകാരം പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് GST കൂടിയതിനാലും DSR 2018 Rate revision വന്നതിനാലും LSGD റോഡ് റിസ്റ്റോറേഷൻ ഉൾപ്പെടുത്തിയതിനാലും ടി പദ്ധതി തുക 387.91 കോടിയായി വർദ്ധിച്ചു. അധിക തുകയായ 98.371 കോടി രൂപ കൂടി ഉൾപ്പെടുത്തി 387.91 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 02.05.2023 തീയതിയിലെ സ.ഉ (സാധാ) നം. 421/2023/ജ.വി.വ നമ്പർ ഉത്തരവിലൂടെ നൽകിയിട്ടുണ്ട്. 23.11.2023 തീയതിയിലെ WRD025-29/APR-5/2023/KIIFB ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിയ്ക്ക് അനുവദിച്ച വിഹിതം 385,01,38,929.54/- രൂപയായി വർദ്ധിപ്പിച്ച് ഫണ്ടിംഗ് പരിഷ്കരിക്കുന്നതിന് കിഫ്ബി ഉത്തരവായിട്ടുണ്ട്. പുതുക്കിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി പ്രവൃത്തികൾ 9 പാക്കേജുകളായി നടപ്പിലാക്കുന്നതിന് പുന:ക്രമീകരണം ചെയ്യുകയുണ്ടായി.

4. തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് ഇൻടേക്ക് സ്ട്രക്ചർ കം പമ്പ് ഹൗസ് സ്ഥാപിക്കൽ, റോ വാട്ടർ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, 30 MLD ജലശുദ്ധീകരണ ശാല സ്ഥാപിക്കൽ, അനുബന്ധ ജോലികൾ എന്നിവയാണ് കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം- 2- ലെ പാക്കേജ്- I - ൽ ഉൾപ്പെടുന്നത്. പ്രസ്തുത പാക്കേജിനായി 42.08 കോടി രൂപയുടെ സാങ്കേതികാനുമതി 14.03.2023-ൽ കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്.

5. പ്രസ്തുത പാക്കേജിലെ പ്രവൃത്തിയ്ക്കായി 23.03.2023 തീയതിയിൽ ഇ-ടെണ്ടർ ക്ഷണിച്ചുവെങ്കിലും ഒരു ദർഘാസും ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ടെൻണ്ടർ റദ്ദ് ചെയ്തു. 26.04.2023 തീയതിയിൽ ക്ഷണിച്ച പുനഃദർഘാസ് NIT യിലെ Error കാരണം റദ്ദ് ചെയ്യുകയുണ്ടായി. രണ്ടാം പുനഃദർഘാസ് ക്ഷണിച്ചപ്പോൾ, M/s. Chicago Constructions International Pvt. Ltd സമർപ്പിച്ച ഏക ദർഘാസ് മാത്രമാണ് ലഭിച്ചത്. 26.07.2023 തീയതിയിൽ ചേർന്ന ടെണ്ടർ കമ്മിറ്റി M/s. Chicago Constructions International Pvt. Ltd-നെ പ്രീ-ക്വാളിഫൈ ചെയ്യുകയും 07.08.2023 തീയതിയിൽ പ്രസ്തുത ദർഘാസ് തുറക്കുകയും ചെയ്തു.

6. Single bidder ആയ M/s Chicago Constructions International (P) Ltd -ന്റെ Quoted തുകയായ 47,42,31,074.51/- രൂപ, tendered PAC ആയ 35,65,75,164/- രൂപയെക്കാൾ 33% അധികമായിരുന്നു.

Tendered PAC - Rs. 35,65,75,164/-

Quoted Amount - Rs. 47,42,31,074.51/- (33% above TPAC)

Current SoR(2018) + 10% amount- Rs. 39,22,32,680/-

Local Market Rate (LMR)- Rs. 41,37,49,199.76 (16.03% above TPAC)

7. കേരള വാട്ടർ അതോറിറ്റി പ്രസ്തുത കോൺട്രാക്ടറുമായി negotiation നടത്തുകയും, Tendered PAC യായ Rs. 35,65,75,164/- രൂപയേക്കാൾ 31.98% അധികമായ Rs. 47,06,35,285/- രൂപയ്ക്ക് പ്രവൃത്തി ഏറ്റെടുക്കാൻ സമ്മതിക്കുകയും ചെയ്തു.

Comparison Statement

| Negotiated Amount - 47,06,35,285/- | | |
|---|---|---|
| | Amount | Negotiated Amount Percentage Above or Below |
| Tendered PAC | Rs. 35,65,75,164/- | **31.98 % Above** |
| Current SoR (2018)+10% amount | Rs. 39,22,32,680.86/- (From PRICE) | **19.98 % Above** |
| Local Market Rate (LMR) | Rs. 41,37,49,199.76 (16.03% above TPAC) | **13.74 % Above** |

8. നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ തുക മാത്രമേ അനുവദിക്കാനാകൂ എന്നതിനാൽ, പ്രസ്തുത പ്രവൃത്തി Single bidder ആയ M/s Chicago Constructions International (P) Ltd-ന് Current SoR (2018)+10% amount ആയ 39,22,32,681/- രൂപയ്ക്ക് മാത്രമേ അനുവദിക്കാനാകൂ. single bidder സമ്മതിച്ച തുക പ്രാദേശിക വിപണി നിരക്കുമായും, നിലവിലെ SoR + 10% തുകയുമായും താരതമ്യം ചെയ്യുമ്പോൾ കൂടുതലാണ്.

9. 06/02/2017 തീയതിയിലെ സ.ഉ (പി) നം. 16/2017/ധന ഉത്തരവിൽ താഴെ പറയും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

"The maximum admissible tender excess shall be limited either to quoted rate of the lowest bidder or Local Market Rate or current DSoR plus 10% tolerance limit whichever is less. In case quoted rate of the lowest bidder is above the current DSoR plus 10% tolerance limit, the tender inviting

authority themselves shall re-tender the work without referring the case to higher authorities".

10. മേൽ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി Single bidder ആയ M/s Chicago Constructions International (P) Ltd- ന് അവർ negotiate ചെയ്ത തുകയായ 47,06,35,285/- രൂപയ്ക്ക് (ആയത് TPAC യേക്കാൾ 31.98 % അധികമാണ്) അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി.

11. ധനകാര്യ വകുപ്പ് താഴെ പറയുംപ്രകാരം അഭിപ്രായപ്പെട്ടു:

"AD may take a judicious decision in view of the Vigilance case ongoing against the contractor and in any case the Tender Acceptance can be done only with the approval of the Council of Ministers as per the guidelines"

12. കഞ്ഞിക്കുഴി-കൊല്ലാട് റോഡ് നിർമാണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട വിജിലൻസ് സർപ്രൈസ് ചെക്ക് റിപ്പോർട്ടിൽ M/s Chicago Constructions International (P) Ltd- നെ കരിമ്പട്ടികയിൽ പെടുത്താൻ വിജിലൻസ് വകുപ്പ് സർക്കാരിനോട് ശുപാർശ ചെയ്തു. തുടർന്ന് ഇതു സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ പ്രസ്തുത കമ്പനിയെ കരിമ്പട്ടികയിൽ പെടുത്തേണ്ടതില്ലെന്ന് ഭരണ വകുപ്പ് തീരുമാനിച്ചു.

13. ആവർത്തിച്ചുള്ള ഇ-ടെൻഡറുകൾക്ക് ശേഷവും നിലവിലെ നിയമങ്ങൾ അനുവർത്തിക്കുന്ന പ്രകാരമുള്ള ഓഫറുകൾ ലഭിക്കുന്നില്ല എന്നാണ് കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുള്ളത്. കുട്ടനാടൻ മേഖലകളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. വളരെ വർഷങ്ങൾക്ക് മുമ്പ് കമ്മീഷൻ ചെയ്ത നിലവിലുള്ള പഴയ പദ്ധതികളിൽ നിന്നുള്ള പരിമിതമായ ജലലഭ്യത കാരണം ജലവിതരണം അപര്യാപ്തവും ഇടവിട്ടുള്ളതുമാണ്. കുട്ടനാട് പ്രദേശത്തിന്റെ ഇന്നത്തെയും ഭാവിയിലെയും ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ

ഭാഗികമായ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന നിലവിലുള്ള പദ്ധതികൾക്ക് കഴിയില്ല. പ്രദേശത്തെ ഭൂഗർഭ ജലത്തിന്റെ പ്രത്യേകതയും ഉപ്പുവെള്ളം കയറുന്നതുൾപ്പെടെയുള്ള മോശം ഭൂഗർഭജല നിലവാരവും കാരണം ഈ പ്രദേശങ്ങളിലെ കുഴൽക്കിണറുകളും പ്രവർത്തനക്ഷമമല്ല. വിശ്വസനീയവും സുരക്ഷിതവുമായ ജലവിതരണ സംവിധാനത്തിന്റെ അഭാവം ദൈനംദിന ജീവിതത്തെ ബാധിക്കുക മാത്രമല്ല, സമൂഹത്തിന് കാര്യമായ ആരോഗ്യ അപകടസാധ്യത സൃഷ്ടിക്കുകയും ചെയ്യുന്നു. ഉപരിതല ജലസ്രോതസ്സുകളുടെ അപചയവും പ്രദേശത്തിന്റെ ജലക്ഷാമത്തിന് കാരണമായി. പ്രദേശത്തെ ദരിദ്രർ കടുത്ത ദുരിതത്തിലാണ്. നിത്യോപയോഗത്തിനായി ഉയർന്ന വിലയ്ക്ക് വെള്ളം വാങ്ങുന്നത് പ്രദേശത്തെ പാവപ്പെട്ടവരുടെ ജീവിതം ദുസ്സഹമാക്കുന്നു. പ്രദേശത്തെ കനാലുകളും തോടും "പോള" കൊണ്ട് നിറഞ്ഞിരിക്കുന്നു. വെള്ളം കലങ്ങിയതും ഗാർഹിക ആവശ്യങ്ങൾക്ക് അനുയോജ്യമല്ലാത്തതും പ്രദേശത്തെ ശിശുക്കളുടെയും കുട്ടികളുടെയും ആരോഗ്യത്തിന് ഭീഷണി ഉയർത്തുന്നു. കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി നിലവിലെ ആശങ്കകൾ ലഘൂകരിക്കുക മാത്രമല്ല, സമൂഹത്തിന്റെ ദീർഘകാല ആവശ്യത്തിന് സംഭാവന നൽകുകയും ചെയ്യുന്നു.

14. ജൽ ജീവൻ മിഷനു കീഴിൽ, സർവ്വീസ് കണക്ഷനുകളും 41081 ഫംഗ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകളും (FHTCs) നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനകം ക്രമീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയ്ക്ക് കീഴിലുള്ള ഉൽപ്പാദന ഘടകങ്ങൾ നിർമ്മിക്കുകയും കമ്മീഷൻ ചെയ്യുകയും ചെയ്തില്ലെങ്കിൽ, 2 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ചെയ്യേണ്ട 41081 FHTC കൾ പ്രവർത്തനക്ഷമമാക്കാൻ കഴിയില്ല.

15. സമുദ്രനിരപ്പിൽ നിന്ന് താഴെയുള്ള കുട്ടനാട് പ്രദേശത്താണ് ജലശുദ്ധീകരണ ശാല സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. അതിനാൽ സീസണൽ ജോലികൾ മാത്രമേ

സാധ്യമാകൂ എന്ന വസ്തുതയാണ് ഉയർന്ന തുക ക്വാട്ട് ചെയ്യുന്നതിന് കാരണം. വളരെയേറെ വെള്ളം കെട്ടിക്കിടക്കുന്ന ഭൂമിയായതിനാൽ സിവിൽ നിർമ്മാണത്തിന് പ്രത്യേകിച്ച് അടിസ്ഥാന നിർമ്മാണത്തിന് പ്രത്യേക യന്ത്രസാമഗ്രികളും വിദഗ്ധ തൊഴിലാളികളും ഉൾപ്പെടെയുള്ള പ്രത്യേക നിർമ്മാണ സാങ്കേതികവിദ്യകൾ ആവശ്യമാണ്. ജലവിതാനം വളരെ ഉയർന്നതാണ്. കൂടുതൽ വ്യാസമുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത് സാധാരണ ഭൂപ്രദേശത്തെ അപേക്ഷിച്ച് കൂടുതൽ സമയവും പണവും ചെലവാകുന്നതാണ്.

16. അനവധി പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ഏകദേശം ഒരു വർഷം മുമ്പ് ഭരണാനുമതി കൊടുത്ത ഈ പ്രവൃത്തിക്ക് ദർഘാസ് അന്തിമം ആയില്ല. കുട്ടനാട്ടിലെ കുടിവെള്ള ലഭ്യതയ്ക്കായി തയ്യാറാക്കിയ സമഗ്ര പ്രവൃത്തിയുടെ ഭാഗമാണ് ഈ പ്രവൃത്തി. ഇതു പൂർത്തിയാക്കിയില്ലെങ്കിൽ മറ്റ് പഞ്ചായത്തുകളിലേക്ക് കുടിവെള്ളം നൽകാനും കഴിയില്ല. നിലവിൽ സർക്കാരിലെ PRICE സംവിധാനത്തിലുള്ള എസ്റ്റിമേറ്റ് യഥാർത്ഥ മാർക്കറ്റ് നിരക്കിനേക്കാൾ കുറഞ്ഞു നിൽക്കുന്നതായി അനേകം ആവലാതികൾ ലഭിച്ചിട്ടുണ്ട്. ഈ കേസിൽ Quote ചെയ്ത തുക എസ്റ്റിമേറ്റിനേക്കാൾ 31 ശതമാനം കൂടുതലാണെങ്കിലും മാർക്കറ്റ് റേറ്റിനേക്കാൾ 14 ശതമാനമാണ് ഉയർന്നിട്ടുള്ളത്. അതോടൊപ്പം 07/08/2023-ൽ തുറന്ന ഈ ദർഘാസിന്റെ firm period ഇനിയും അധികം നീട്ടികിട്ടാൻ സാധ്യത കാണുന്നില്ല. മേൽ സാഹചര്യത്തിൽ വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ഫയൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്യുകയുണ്ടായി.

17. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു: മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം- 2- ലെ പാക്കേജ്- I ന്റെ പ്രവൃത്തിയ്ക്ക് ലഭിച്ച single bidder ആയ M/s Chicago Constructions International (P) Ltd ക്വോട്ട് ചെയ്ത ദർഘാസ് Tendered PAC യേക്കാൾ 31.58% ഉം, നിലവിലെ SoR (2018) + 10% തുകയേക്കാൾ 19.98% ഉം, പ്രാദേശിക വിപണി നിരക്കിനേക്കാൾ (LMR) 13.74 % ഉം അധികരിച്ച തുകയായ Rs. 47,06,35,285/- രൂപയ്ക്ക് അനുവദിക്കാമോ?